"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

മത്സ്യബന്ധന തുറമുഖ വകുപ്പ് - ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ മോസ്റ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയറായ ശ്രീ. ജോമോൻ കെ. ജോർജ്ജിനെ ചീഫ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കി നിയമിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ഡി) വകുപ്പ്**

സ.ഉ. (സാധാ) നമ്പർ.351/2021/മ.തു.വ. തീയതി, തിരുവനന്തപുരം, 19/07/2021.

---

പരാമർശം:- 1) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 12/01/2021, 02/03/2021 എന്നീ തീയതികളിലെ ബി2/29/2021/സി.ഇ നമ്പർ കത്തുകൾ.

2) സ.ഉ. (സാധാ) നം.294/2021/മതുവ തീയതി 14/06/2021.

## <u>ഉത്തരവ്</u>

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ സീനിയർ മോസ്റ്റ് സൂപ്രണ്ടിംഗ് എഞ്ചിനീയർ ആയ ശ്രീ.ജോമോൻ കെ. ജോർജ്ജിന് വകുപ്പിലെ ചീഫ് എഞ്ചിനീയർ ശ്രീ.ബി.ടി.വി. കൃഷ്ണൻ 30/04/2021 ൽ വിരമിക്കുന്ന ഒഴിവിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്തിട്ടുണ്ട്. ടിയാൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ തസ്തികയിൽ പ്രൊബേഷൻ പൂർത്തിയാക്കിയിട്ടുണ്ടെന്നും ടിയാനെതിരെ വകുപ്പുതല അച്ചടക്ക നടപടികളോ വിജിലൻസ് കേസുകളോ നിലവിലില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(2) പരാമർശത്തിലെ സർക്കാർ ഉത്തരവ് പ്രകാരം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയർ ശ്രീ.ബി.ടി.വി. കൃഷ്ണൻ 30/04/2021 ൽ വിരമിച്ച ഒഴിവിൽ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി സേവനമനുഷ്ഠിച്ചു വരുന്ന ശ്രീ. ജോമോൻ കെ. ജോർജ്ജിന് ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല നല്കിയ ചീഫ് എഞ്ചിനീയറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുകയുണ്ടായി.

(3) സർക്കാർ ഈ വിവരങ്ങൾ വിശദമായി പരിശോധിക്കുകയും, പരാമർശ കത്തിലെ ശുപാർശ പ്രകാരവും വിജിലൻസ് കേസ് നിലവിലില്ലായെന്നത് പരിഗണിച്ചും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ ചീഫ് എഞ്ചിനീയറുടെ പൂർണ്ണ അധിക ചുമതല വഹിക്കുന്ന സൂപ്രണ്ടിംഗ് എഞ്ചിനീയർ ശ്രീ. ജോമോൻ കെ. ജോർജ്ജിന് 85000-117600/- രൂപ ശമ്പളസ്കെയിലിൽ ചീഫ് എഞ്ചിനീയർ തസ്തികയിൽ സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് കൗൾ,**

**സെക്രട്ടറി**

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം

ശ്രീ. ജോമോൻ കെ. ജോർജ്, സൂപ്രണ്ടിംഗ് എഞ്ചിനീയർ (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ മുഖാന്തിരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ